എം.എസ്.എ റസാഖ്

# ഇസ്‌ലാമും വൃത്തിയും

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ اتَّقُوا اللَّاعِنَيْنِ قِيلَ وَمَا اللَّاعِنَانِ يَا رَسُولَ اللَّهِ؟ قَالَ: الَّذِي يَتَخَلَّى فِي طَرِيقِ النَّاسِ اَوْ ظِلِّهِمْ (مسلم)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി (സ) അരുളി: "ശാപാർഹമായ രണ്ടു കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കുക." ആരോ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഏതൊക്കെയാണ് ആ രണ്ട് കാര്യങ്ങൾ?" അവിടുന്ന് പറഞ്ഞു: "ജനങ്ങൾ സഞ്ചരിക്കുന്ന വഴിയിലോ അവർ ഉപയോഗിക്കുന്ന തണലിലോ മലമൂത്ര വിസർജനം നടത്തുന്നത്" (മുസ്‌ലിം).**

ശുചിത്വത്തിന്റെ പ്രാധാന്യം പഠിപ്പിക്കുകയാണ് നബി(സ) ഈ വചനത്തിലൂടെ. ഇസ്‌ലാം വൃത്തിയുടെ മതമാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ വൃത്തി വിശ്വാസത്തിന്റെ ഭാഗമാണ്. ''വൃത്തി വിശ്വാസത്തിന്റെ പകുതിയാകുന്നു'' (മുസ്‌ലിം). 'അല്ലാഹു സുന്ദരനാണ്, അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു' എന്നും പ്രവാചകൻ പറഞ്ഞിട്ടുണ്ട്. വ്യക്തിശുചിത്വത്തിന് മാത്രമല്ല, പരിസരശുചിത്വത്തിനും പരമപ്രാധാന്യം നൽകുന്നുണ്ട് ഇസ്‌ലാം. ഇബാദത്തുകളുടെ പൂർണതക്ക് ശരീരവും ആരാധനാ സ്ഥലങ്ങളും പരിസരവും ശുദ്ധമായിരിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. നമസ്കാരവും നോമ്പും സ്വീകാര്യമാകുന്നതിന് ശുദ്ധി ഉപാധിയാകുന്നു. ശരീരത്തെപ്പോലെ വീടും പരിസരവും ആരാധനാലയങ്ങളും വൃത്തിയോടെ പരിപാലിക്കാൻ നിർദേശിക്കപ്പെട്ടിരിക്കുന്നു.

പൊതുവഴികളും ജലാശയങ്ങളും വെള്ളവും വായുവുമെല്ലാം മലിനമാകാതെ ശുദ്ധമായി നിലനിർത്താൻ ബാധ്യസ്ഥരാണ് വിശ്വാസികൾ. അവരുടെ മതപരമായ ബാധ്യത കൂടിയാണത്. അവയെ മലിനമാക്കുന്ന ഏതൊരു പ്രവൃത്തിയും മതത്തിന്റെ വീക്ഷണത്തിൽ തെറ്റും സാമൂഹിക ദ്രോഹവുമാകുന്നു. പ്രകൃതിയുടെ സന്തുലനം നിലനിർത്തുന്നതിനും, മനുഷ്യന്റെയും ജന്തുസമൂഹത്തിന്റെയും സസ്യജാലങ്ങളുടെയും നിലനിൽപിനും അതിജീവനത്തിനും പരിസരം മലിനമാകാതിരിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാത്തപക്ഷം അത് വലിയ അപകടത്തിന് നിമിത്തമാകും. പല ജൈവ വൈവിധ്യങ്ങളുടെയും വംശനാശത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും അഭൂതപൂർവമായ പ്രകൃതിക്ഷോഭങ്ങൾക്കും കാരണമാകും. വ്യക്തിജീവിതത്തിൽ ശുചിത്വം പാലിക്കാതിരുന്നാലും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാതിരുന്നാലും ഒട്ടേറെ രോഗങ്ങൾക്കും പകർച്ച വ്യാധികൾക്കും അത് കാരണമാകുമെന്ന് വൈദ്യശാസ്ത്രം മുന്നറിയിപ്പ് നൽകുന്നുണ്ട്. തോട്ടങ്ങളിൽ തളിക്കുന്ന വിഷദ്രാവകങ്ങൾ ഒരു ജനതയെ നിത്യരോഗികളും അംഗവൈകല്യം ബാധിച്ചവരുമായി മാറ്റിക്കൊണ്ടിരിക്കുന്നതിന്റെ നേർസാക്ഷ്യം നമ്മുടെ ചുറ്റുപാടുമുണ്ടല്ലോ.

ഫാക്ടറികൾ പുറംതള്ളുന്ന മാലിന്യങ്ങളും വിഷപ്പുകയും അന്തരീക്ഷ മലിനീകരണത്തോടൊപ്പം ജലമലിനീകരണത്തിനും മത്സ്യസമ്പത്തിന്റെ നാശത്തിനും കാരണമാകുന്നു. ഫലവർഗങ്ങളിലും പച്ചക്കറികളിലും തളിക്കുന്ന വിഷദ്രാവകങ്ങൾ മാരകരോഗങ്ങൾ വരുത്തിവെക്കുന്നു. ഈ പശ്ചാത്തലത്തിൽനിന്ന് ചിന്തിക്കുമ്പോൾ മേൽക്കൊടുത്ത പ്രവാചകവചനത്തിന്റെ പ്രസക്തി ഏറുകയാണ്. തൽവിഷയത്തിൽ വേറെയും ധാരാളം പ്രവാചകവചനങ്ങളുണ്ട്. അബൂദാവൂദ്, മുആദുബ്നു ജബലി(റ)ൽനിന്ന് ഉദ്ധരിക്കുന്നു. നബി (സ) പറഞ്ഞു: ''ശാപനിമിത്തമായ മൂന്ന് കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കുക. ജലസ്രോതസ്സുകളിലും പൊതുവഴിയിലും തണലുകളിലും വിസർജനം നടത്തുകയാണ് ആ മൂന്നു കാര്യങ്ങൾ.'' പൊതുവഴികളിലും ഒഴുക്കില്ലാത്ത ജലാശയങ്ങളിലും കുളിക്കുന്ന സ്ഥലങ്ങളിലും മരത്തണലുകളിലും ഫലം കായ്ക്കുന്ന വൃക്ഷച്ചുവട്ടിലും പുഴയോരങ്ങളിലും മലമൂത്രവിസർജനം നടത്തുന്നത് പൊതുജനദ്രോഹമാണ്. പരിസര മലിനീകരണത്തിനും ദുർഗന്ധം വമിക്കാനും രോഗാണുക്കൾ വളരാനും പകരാനും അത് നിമിത്തമാണ്. അതുകൊണ്ടാണ് ഇത്തരം പ്രവൃത്തികൾ ശാപാർഹമായിത്തീരുന്നത്. പൊതുവഴിയിൽ കാർക്കിച്ചു തുപ്പുന്നത് പ്രവാചകൻ നിരോധിച്ചതും ഇതിനോട് ചേർത്തുവായിക്കണം. പരിസരം ദുഷിപ്പിക്കുന്നതും മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഗുണകരമല്ലാത്തതുമായ ഏതൊരു പ്രവൃത്തിയും ഈ ഗണത്തിലാണ് പെടുക. ഇത്തരം പൊതുസ്ഥലങ്ങളിൽ ഹോട്ടലുകളിൽനിന്നും അറവുശാലകളിൽനിന്നുമുള്ള മാലിന്യങ്ങളും അവശിഷ്ടങ്ങളും തള്ളുന്നതും, വ്യവസായശാലകളിൽനിന്ന് മലിനജലവും ഖരമാലിന്യങ്ങളും വിഷപ്പുകയും ജനങ്ങൾക്ക് ഉപദ്രവകരമായ വിധത്തിൽ പുറത്തുവിടുന്നതും കുറ്റകരമാണെന്ന് ഈ ഹദീസിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം. ●